**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1297** **01-02-2024 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ നിയോജകമണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലം പണി പുനരാരംഭിക്കുവാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നബാർഡിന്റെ സഹായത്തോടെ 2015-ൽ 16.90 കോടി രൂപക്ക് ഭരണാനുമതിയും പാലത്തിന്റെ ഡിസൈനിൽ വ്യത്യാസം വന്നതിനാൽ 2018-ൽ 24.46 കോടി രൂപക്ക് പുതുക്കിയ ഭരണാനുമതിയും നൽകിയ വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം പുനരാരംഭിക്കാത്തതിന് കാരണം വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ നിയോജകമണ്ഡലത്തിലെ കോൺവെന്റ് ബീച്ച് പാലം നിർമ്മാണം എന്ന പ്രവൃത്തിക്കുവേണ്ടി ഒടുക്കിയ GST തുക റീഇംബേഴ്സ് ചെയ്ത് തരണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി പ്രവൃത്തിയുടെ എഗ്രിമെന്റ് 29.01.2016 ൽ ആയതിനാലും GST, 01.07.2017 തീയതിക്ക് ശേഷം മാത്രം പ്രാബല്യത്തിൽ വന്നതിനാലും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്തതിനാലും GST തുക കരാറുകാരന് നൽകിയിട്ടില്ല. നിലവിൽ 18.07.2022 മുതൽ GST യുടെ നിരക്ക് 12% ൽ നിന്നും 18% ലേക്ക് പുതുക്കിയത് കരാറുകാരനെ അധിക ബാധ്യതയിലേക്ക് നയിച്ചു എന്നും കരാറുകാരൻ അറിയിച്ചിട്ടുണ്ട്. ഈ കാരണത്താൽ 2023 മെയ് മാസത്തിനുശേഷം ഒരു ബീമിന്റെ സ്ട്രെസ്സിംഗ് പ്രവൃത്തികൾ അല്ലാതെ മറ്റു പ്രവൃത്തികൾ ഒന്നുംതന്നെ കരാറുകാരൻ ചെയ്തിട്ടില്ല. കരാറുകാരന് GST ഉൾപ്പെടുത്തി നൽകാവുന്നതാണോ എന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതിന് വേണ്ടി ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പുനരാരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | 18% ജി.എസ്.റ്റി. പുതുക്കിയ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നതിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച കത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ ? | (സി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ